കാറ്റുപെരുകീടുന്നു ഓളങ്ങളുയരുന്നു

തിരമാല പൊങ്ങിവരുന്നു ...........

പടകുചാഞ്ചാടുന്നു എൻ പാദങ്ങളിളകുന്നു

ച്ചുറ്റും നോക്കിടുന്നു ഞാൻ സഹായമാരുമില്ല

യേശുനാഥാ കടന്നുവാ കടലിന്മേൽ നടന്നുവാ

പടകിനോടടുത്തുവാ കടലിനെ ശാസിക്ക

യേശുനാഥാ കടന്നുവാ

പടകിനോടടുത്തുവാ കടലിനെ ശാസിക്ക

യേശുനാഥാ കടന്നുവാ

കാറ്റിനെ ദൂതന്മാരും അഗ്നിജ്വാലയെ നിൻറെ

ശുശ്രൂഷകന്മാരുമാക്കി നീ.....

ഘോരപ്രതികൂലത്തിലെന്നരികിലിറങ്ങിവാ

തിരുമൊഴിയാലെയെനിക്കാശ്വാസം പകർന്നുതാ

യേശുനാഥാ..

കടലിനതിരായി മണലിനെ വച്ചുനീ

കടന്നു കൂടായെന്നരുളീ ..........

കടലുംകാറ്റുംകൂടെ നിൻ വാക്കിനു കീഴ്പ്പെടുന്നു

കർത്താവിൻ പ്രവർത്തികൾ എത്രയോ ഭയങ്കരം

യേശുനാഥാ .........

എൻ പടകിനെയെന്നും നീ നയിക്ക നാഥനെ!

ശുഭതുറമുഖം വരെയും

അലകളിൽ നടുവിലെൻ പടകുതകരാതെ

അമരക്കാരനായി നയിക്കുക നാഥനെ!

യേശുനാഥാ ........

Kaattuperukeedunnu olangaluyarunnoo

thiramaala pongivarunnoo ………… 2

padakuchaanchaadunnu enͯ paadangalilakunnu

chuttum nokkidunnu njaanͯ sahaayamaarumilla 2

yeshunaathaa kadannuvaa kadalinmelͯ nadannuvaa

padakinodadutthuvaa kadaline shaasikka

yeshunaathaa kadannuvaa

padakinodadutthuvaa kadaline shaasikka

yeshunaathaa kadannuvaa

kaattine doothanmaarum agnijvaalaye ninͯrͯte

shushrushakanmaarumaakki nee….. 2

ghoraprathikoolatthilennarikilirangivaa

thirumozhiyaaleyenikkaashvaasam pakarͯnnuthaa 2

yeshunaathaa …….

kadalinathiraayi manaline vacchunee

kadannu koodaayennarulee ……….. 2

kadalumkaattumkoode ninͯ vaakkinu keezhppedunnu

karͯtthaavinͯ pravarͯtthikalͯ ethrayo bhayankaram 2

yeshunaathaa ……….

enͯ padakineyennum nee nayikka naathane!

shubhathuramukham vareyum

alakalilͯ naduvilenͯ padakuthakaraathe

amarakkaaranaayi nayikkuka naathane!

yeshunaathaa .........